# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

### ഹലാൽ വിവാദം: വിശ്വാസികൾ അറിയാൻ

26/11/2021

sufaraulislam.com

بسم الله الرحمن الرحيم

- ഹലാൽ ഭക്ഷണം കേരളത്തിൽ സജീവ ചർച്ചക്ക് വഴിവെച്ചിരിക്കുന്നു.
- ഹലാൽ സമ്പ്രദായം നിരോധിക്കണം എന്ന ഒരു വിഭാഗം ആളുകൾ ആവശ്യപ്പെട്ടിരിക്കുന്നു.

❖ **എന്താണ് ഹലാൽ?**

- വിശ്വാസികൾക്ക് സുപരിചിതമായ രണ്ടു പദങ്ങളാണ് ഹലാലും ഹറാമും.
- **അല്ലാഹു നിശ്ചയിച്ച പരിധികളാണ് അവ.**

تِلْكَ حُدُودُ اللَّهِ فَلَا تَقْرَبُوهَا كَذَٰلِكَ يُبَيِّنُ اللَّهُ آيَاتِهِ لِلنَّاسِ لَعَلَّهُمْ يَتَّقُونَ ﴿البقرة: ﴾

- വിശ്വാസികൾ ആ പരിധികൾ ലംഘിക്കുവാൻ പാടില്ല.
- ഹലാൽ എന്നാൽ അനുവദനീയം എന്നാണു അർത്ഥം. അതിന്റെ നേർ വിപരീതമാണ് ഹറാം. നിഷിദ്ധം എന്നർത്ഥം.
- ജീവിതത്തിൽ ഹലാൽ- ഹറാം വേർതിരിവ് പാലിക്കുന്നത് സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ശക്തമായ സ്നേഹ ബന്ധത്തിന്റെ അടയാളമാണ്.
- അല്ലാതെ ചിലർ പറഞ്ഞു പരത്തുന്നതുപോലെ ഏതെങ്കിലും മത വിഭാഗത്തോടുള്ള വെറുപ്പിന്റെ ഉൽപ്പന്നമോ, ഇസ്‌ലാമിക തീവ്രവാദത്തിന്റെ അടയാളമോ അല്ല ഹലാലും ഹറാമും.
- മുസ്ലിമിന്റെ മരണാനന്തര ജീവിത വിജയവുമായി ബന്ധപ്പെട്ടു കിടക്കുന്ന കാര്യമാണ് ഹലാലും ഹറാമും.
- **നബി (സ്വ) പറഞ്ഞു;**

عَنْ أَبِي الدَّرْدَاءِ، قالَ: قالَ رَسُولُ اللَّهِ ﷺ: ما أَحَلَّ اللَّهُ فِي كِتابِهِ فَهُوَ حَلالٌ، وما حَرَّمَ فَهُوَ حَرامٌ، وما سَكَتَ عَنْهُ فَهُوَ عَفْوٌ، فاقْبَلُوا مِنَ اللَّهِ عافِيَتَهُ ﴿وما كانَ رَبُّكَ نَسِيًّا﴾(مريم ٦٤)

അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ അനുവദനീയമാക്കിയത് ഹലാലാണ്. നിഷിദ്ധമാക്കിയത് ഹറാമാണ്. ഒന്നും പറയാതിരുന്നത് വിട്ടു വീഴ്ച്ച ചെയ്തതാണ്. ഞാൻ വിട്ടു വീഴ്ച്ച ചെയ്തു തന്നത് നിങ്ങൾ സ്വീകരിക്കുക. എന്നിട്ട് നബി (സ്വ) പാരായണം ചെയ്തു. (മർയം -64)

- **നബി (സ്വ) വിരോധിച്ചത് ഒഴിവാക്കണം.**

عَنْ أَبِي هُرَيْرَةَ عَبْدِ الرَّحْمَنِ بْنِ صَخْرٍ رَضِيَ الله تَعالى عَنْهُ قالَ: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: ما نَهَيْتُكُمْ عَنْهُ فاجْتَنِبُوهُ وما أَمَرْتُكُمْ بِهِ فأْتُوا مِنهُ ما اسْتَطَعْتُمْ؛ (رواه البخاري ومسلم )
ഞാൻ നിങ്ങളോട് വിലക്കിയത് നിങ്ങൾ വെടിയുക. ഞാൻ കൽപ്പിച്ചത് സാധിക്കുന്നത്ര ചെയ്യുക.

❖ **ഹലാലും ഹറാമും നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.**

عَنْ عَامِرٍ قَالَ سَمِعْتُ النُّعْمَانَ بْنَ بَشِيرٍ يَقُولُ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: الْحَلَالُ بَيِّنٌ وَالْحَرَامُ بَيِّنٌ وَبَيْنَهُمَا مُشَبَّهَاتٌ لَا يَعْلَمُهَا كَثِيرٌ مِنَ النَّاسِ فَمَنْ اتَّقَى الْمُشَبَّهَاتِ اسْتَبْرَأَ لِدِينِهِ وَعِرْضِهِ وَمَنْ وَقَعَ فِي الشُّبُهَاتِ كَرَاعٍ يَرْعَى حَوْلَ الْحِمَى يُوشِكُ أَنْ يُوَاقِعَهُ أَلَا وَإِنَّ لِكُلِّ مَلِكٍ حِمًى أَلَا إِنَّ حِمَى اللَّهِ فِي أَرْضِهِ مَحَارِمُهُ أَلَا وَإِنَّ فِي الْجَسَدِ مُضْغَةً إِذَا صَلَحَتْ صَلَحَ الْجَسَدُ كُلُّهُ وَإِذَا فَسَدَتْ فَسَدَ الْجَسَدُ كُلُّهُ أَلَا وَهِيَ الْقَلْبُ (مسلم)

നുഅമാൻ ഇബ്നു ബഷീർ(റ) റിപ്പോർട്ട് ചെയ്യുന്നു, നബി (സ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്; അനുവദനീയമായ കാര്യങ്ങൾ വ്യക്തമാണ്. നിഷിദ്ധമായ കാര്യങ്ങളും വ്യക്തമാണ്. എന്നാൽ അവ രണ്ടിനുമിടയിൽ അനുവദനീയമോ നിഷിദ്ധമോ എന്ന വിധി സംബന്ധിച്ച് സംശയകരമായ ചില കാര്യങ്ങളുണ്ട്. മനുഷ്യരിൽ അധികമാളുകൾക്കും അവ ഗ്രഹിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഒരാൾ വിധി സംബന്ധിച്ച് സംശയകരമായ കാര്യങ്ങൾ പ്രവർത്തിക്കാതെ സൂക്ഷ്മത കൈക്കൊണ്ടാൽ അയാൾ തന്റെ മതത്തേയും അഭിമാനത്തേയും കാത്തു സൂക്ഷിച്ചു. എന്നാൽ വല്ലവനും വിധി സംബന്ധിച്ച് സംശയകരമായ കാര്യങ്ങളിൽ ചെന്നുവീണു പോയാൽ അവന്റെ സ്ഥിതി, സംരക്ഷിച്ചു നിറുത്തിയ നിരോധിത മേച്ചിൽ സ്ഥലത്തിന്റെ അതിർത്തികളിൽ നാൽക്കാലികളെ മേയ്ക്കുന്ന ഇടയനെ പോലെയാണ്. അവരതിൽ ചാടിപ്പോകാൻ എളുപ്പമാണ്. അറിഞ്ഞുകൊള്ളുവീൻ! എല്ലാ രാജാക്കൻമാർക്കും ഓരോ നിരോധിത മേച്ചിൽ സ്ഥലങ്ങളുണ്ട്. ഭൂമിയിൽ അല്ലാഹുവിന്റെ നിരോധിത മേച്ചിൽ സ്ഥലം അവൻ നിഷിദ്ധമാക്കിയ കാര്യങ്ങളാണ്. അറിയുക! ശരീരത്തിൽ ഒരു മാംസക്കഷണമുണ്ട്. അതു നന്നായാൽ മനുഷ്യശരീരം മുഴുവൻ നന്നായി. അതു ദുഷിച്ചാൽ ശരീരം മുഴുവനും ദുഷിച്ചുതന്നെ. അറിയുക! അതത്രെ ഹൃദയം -(ബുഖാരി, മുസ്‌ലിം)

❖ **ഹലാലും ഹറാമും ഭക്ഷണ മേഖലയിൽ മാത്രമല്ല...**

- ചിലർ തെറ്റിദ്ധരിച്ചത് ഭക്ഷണ മേഖലയിൽ മാത്രമാണ് ഹലാലും ഹറാമുമുള്ളത് എന്നാണ്.
- ✓ ഇടപെടലിലും പെരുമാറ്റത്തിലും ഹലാലും ഹറാമും ശ്രദ്ധിക്കണം.
- ✓ തനിക്കർഹതയുള്ളത് മാത്രമേ ഒരാൾ ഉപയോഗിക്കാവൂ.
- ✓ വ്യക്തികൾക്കും സമൂഹത്തിനും ഉപദ്രവം ചെയ്യുന്ന എല്ലാ കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കാൻ ഹലാൽ ഹറാം വ്യവസ്ഥ പഠിപ്പിക്കുന്നു.
- ✓ കളവ് പറയൽ ഹറാമാണ്, മോഷണം, അക്രമം, കൊലപാതകം, വ്യഭിചാരം, ആളുകളെ അപമാനിക്കൽ, ധനം അപഹരിക്കൽ, വഞ്ചന, ചതി ഇവയെല്ലാം ഹറാമാണ്.
- ✓ ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് ഇസ്ലാം ശക്തമായി എതിർക്കുന്നു. ഇതെല്ലാം ഹറാമാണ്.

### ❖ ഉദാഹരണം.

1. **വിവാഹ രംഗത്ത് ഹലാലും ഹറാമും ഉണ്ട്.**

- ✓ സ്ത്രീധനം വാങ്ങുന്നത് ഹറാമാണ്.
- ✓ ധൂർത്തും ആഢംബരവും നിഷിദ്ധമാണ്.

2. **കച്ചവട രംഗത്ത് ഹലാലും ഹറാമും ഉണ്ട്.**

- ✓ അളവിലും തൂക്കത്തിലും കൃത്യമം കാണിക്കൽ നിഷിദ്ധമാണ്.
- ✓ പൂഴ്ത്തി വെക്കൽ നിഷിദ്ധമാണ്.

### ❖ ഭക്ഷണ രംഗത്തും ഹലാലും ഹറാമുമുണ്ട്.

- വിശിഷ്ടമായത് ഭക്ഷിക്കുക (ക്വുർആൻ 23:51). (ക്വുർആൻ 2:168).
- ഭക്ഷണ പാനീയ കാര്യങ്ങളിൽ ഏതെല്ലാമാണ് ഹലാൽ എന്നും ഹറാം എന്നും ഒരു വിശ്വാസി കൃത്യമായി അറിയേണ്ടതുണ്ട്.
- ഒരു മനുഷ്യന്റെ ശരീരത്തിന് പോഷണം നൽകുന്ന ആരോഗ്യദായകമായ എല്ലാ ഭക്ഷണവും അല്ലാഹു അനുവദിച്ചുതന്നിട്ടുണ്ട്.
- അവന്റെ ശരീരത്തിന് ദോഷംവരുത്തുന്ന എല്ലാ ഭക്ഷണപാനീയങ്ങളും അല്ലാഹു വിരോധിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിക്കും സമൂഹത്തിനു ഉപകാരപ്രദമായവ അല്ലാഹു ഹലാലാക്കിത്തരികയും ഉപദ്രവമായവ ഹറാമാക്കുകയും ചെയ്തിട്ടുണ്ട്.

### ❖ ഏറ്റവും വിശിഷ്ടമായ ഭക്ഷണം ഏതാണ്?

عَنِ الْمِقْدَامِ ـ رضى الله عنه ـ عَنْ رَسُولِ اللَّهِ صلى الله عليه وسلم قَالَ : مَا أَكَلَ أَحَدٌ طَعَامًا قَطُّ خَيْرًا مِنْ أَنْ يَأْكُلَ مِنْ عَمَلِ يَدِهِ، وَإِنَّ نَبِيَّ اللَّهِ دَاوُدَ ـ عَلَيْهِ السَّلاَمُ ـ كَانَ يَأْكُلُ مِنْ عَمَلِ يَدِهِ

മിഖ്ദാദിൽ(റ) നിന്ന് നിവേദനം. നബി ﷺ പറഞ്ഞു: "സ്വന്തം കൈകൊണ്ട് തൊഴിൽ ചെയ്ത് ഭക്ഷിക്കുന്നതിനെക്കാൾ വിശിഷ്ടമായ ആഹാരം ഒരാളും കഴിച്ചിട്ടില്ല" (ബുഖാരി).

## ❖ നിഷിദ്ധമായവ സൂക്ഷിക്കണം

عَنْ عَبْدِ اللَّهِ بْنِ عَمْرٍو، أَنَّ رَسُولَ اللَّهِ ﷺ قالَ :أربَعٌ إذا كُنَّ فِيكَ فَلا عَلَيْكَ ما فاتَكَ مِنَ الدُّنْيا: حِفْظُ أمانَةٍ، وصِدْقُ حَدِيثٍ، وحُسْنُ خَلِيقَةٍ، وعِفَّةٌ فِي طُعْمَةٍ (مسند أحمد)

നബി ﷺ പറഞ്ഞു: നാലു ഗുണങ്ങൾ ആരിലുണ്ടോ, ഇഹലോകത്തിൽനിന്ന് എന്തു നഷ്ടപ്പെട്ടാലും അവനത് പ്രശ്നമല്ല; അമാനത്ത് സൂക്ഷിക്കൽ, സംസാരത്തിലെ സത്യസന്ധത, സൽസ്വഭാവം, ഭക്ഷണത്തിൽ നിഷിദ്ധമായത് കലരാതിരിക്കൽ (എന്നിവയാണവ) (അഹ്മദ്).

## ❖ നിഷിദ്ധമായ ഭക്ഷണങ്ങൾ

ചത്ത ജീവികളുടെ മാംസവും ആരോഗ്യത്തിന് ഹാനികരമായ മദ്യം മയക്കുമരുന്ന് തുടങ്ങിയവയും ഇവ കലർന്ന ഭക്ഷണങ്ങളും ഹലാലും അല്ല.

حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنزِيرِ وَمَا أُهِلَّ لِغَيْرِ اللَّهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلَّا مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ وَأَن تَسْتَقْسِمُوا بِالْأَزْلَامِ ذَٰلِكُمْ فِسْقٌ الْيَوْمَ يَئِسَ الَّذِينَ كَفَرُوا مِن دِينِكُمْ فَلَا تَخْشَوْهُمْ وَاخْشَوْنِ الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا فَمَنِ اضْطُرَّ فِي مَخْمَصَةٍ غَيْرَ مُتَجَانِفٍ لِّإِثْمٍ فَإِنَّ اللَّهَ غَفُورٌ رَّحِيمٌ ﴿مائدة: ٣﴾

- അനുവദനീയമായ ജീവികളിൽ പെട്ടവയാണെങ്കിലും ശ്വാസംമുട്ടി ചത്തത്, അടിച്ചു കൊന്നത്, വീണുചത്തത്, കുത്തേറ്റുചത്തത്, വന്യമൃഗം കടിച്ചുതിന്നത് തുടങ്ങിയവയാണെങ്കിൽ അവ നമുക്ക് നിഷിദ്ധമാണെന്ന് ക്വുർആൻ പഠിപ്പിക്കുന്നു. എന്നാൽ അവ ഇസ്‌ലാം പഠിപ്പിക്കുന്ന രൂപത്തിൽ അറുക്കപ്പെട്ടവയാണെങ്കിൽ ഭക്ഷിക്കുന്നത് ഹലാലാകുന്നു.

## ❖ ഹലാൽ മുദ്ര.

- ഹലാൽ സ്റ്റിക്കർ ഒട്ടിച്ച് സാധനങ്ങൾ വിൽക്കണമെന്ന ആഹ്വാനം ഇവിടെ ഒരു മുസ്‌ലിം സംഘടനയോ അറിയപ്പെടുന്ന പണ്ഡിതന്മാരോ നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.
- വിശ്വാസി സമൂഹത്തെയും അവർ കൂടുതൽ ജീവിക്കുന്ന രാഷ്ട്രങ്ങളെയും സമീപിക്കുന്നതിൽ വിപണി സ്വീകരിക്കുന്ന കച്ചവട തന്ത്രമാണ് ഉൽപ്പന്നങ്ങൾക്ക് പുറത്തുള്ള ഹലാൽ സ്റ്റിക്കർ.
- ആഗോള തലത്തിൽ ജൂതന്മാരുടെ Kosher food,
- ഇന്ത്യയിൽ ബ്രാഹ്മണർ നടത്തുന്ന pure vegetarian hotel,
- കേരളത്തിൽ ശബരിമല സീസണിൽ ചില ഹോട്ടലുകളിൽ എഴുതി വെക്കാറുള്ള 'സസ്യാഹാരം മാത്രം, അയ്യപ്പന്മാർക്ക് സ്വാഗതം..' എന്നിവക്ക് കിട്ടാത്ത വർഗീയ പട്ടം എങ്ങനെയാണ് ഹലാൽ ഫുഡിന് മാത്രം ചാർത്തിക്കിട്ടുന്നതിന്റെ പിന്നിലുള്ള ലക്ഷ്യം തിരിച്ചറിയാൻ കേരളക്കാർക്ക് സാധിക്കും.

### ❖ ഭക്ഷണത്തിൽ തുപ്പൽ അനുവദനീയമോ?

- ഭക്ഷണത്തിലേക്ക് ഊതരുത് എന്നാണ് പ്രവാചക കല്പന.
- ഉറൂസ് ഭക്ഷണത്തിൽ മന്ത്രിച്ചൂതുന്ന പുരോഹിതന്റെ നടപടി അനാചാരം ആണ്.
- വിശ്വാസത്തെ വികലമാക്കുന്ന ഇത്തരം ഒറ്റപ്പെട്ട ചിത്രങ്ങളെ പൊക്കിപ്പിടിച്ച് തെറ്റായ പ്രചാരണം നടത്തുകയാണ്.

عَنِ ابْنِ عَبَّاسٍ، أَنَّ النَّبِيَّ صلى الله عليه وسلم نَهَى أَنْ يُتَنَفَّسَ فِي الإِنَاءِ أَوْ يُنْفَخَ فِيهِ

ഇബ്നു അബ്ബാസിൽ (റ) നിന്ന് നിവേദനം: തീർച്ചയായും പാത്രത്തിൽ ശ്വസിക്കപ്പെടുന്നതും അല്ലെങ്കിൽ ഊതപ്പെടുന്നതും നബി(സ്വ) വിരോധിച്ചിരിക്കുന്നു. (സുനനുത്തിർമിദി)

### ❖ വിവാദങ്ങളുണ്ടാക്കുന്നവരോട്...

- വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവർ പരസ്പരം സ്നേഹിച്ചും അറിഞ്ഞും ജീവിക്കുന്നു എന്നതാണ് നമ്മുടെ നാടിന്റെ പ്രത്യേകത.
- ഓരോരുത്തർക്കും തങ്ങളുടെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും മുറുകെ പിടിച്ച് മുന്നോട്ടുപോകാൻ ഭരണഘടന അനുവാദം നൽകുന്നുണ്ട്.
- ഇഷ്ടമുള്ളത് ഭക്ഷിക്കാനും ഭക്ഷിക്കാതിരിക്കാനും അവകാശമുണ്ട്.

- മുസ്‌ലിംകൾക്ക് മാത്രമായി ഇവിടെ ഒരു ഭക്ഷണവും ഇല്ല. എന്നാൽ ഏതു കാര്യത്തിലും അല്ലാഹുവിന്റെ തൃപ്തി മുസ്‌ലിമിന് പ്രധാനമാണ്. അത് ഭക്ഷണത്തിലും ഉണ്ട്.
- അല്ലാഹു നിഷിദ്ധമാക്കിയതിനാലാണ് മുസ്‌ലിം വർജിക്കുന്നത്. അത് അന്യമത വിഭാഗങ്ങളോടുള്ള വിദ്വേഷത്തിന്റെ ഭാഗമേഅല്ല.
- മുസ്‌ലിമായ ഒരാൾ ഉണ്ടാക്കി എന്നതുകൊണ്ട് എല്ലാ ഭക്ഷണപദാർഥങ്ങളും ഹലാൽ ആകില്ല. അമുസ്‌ലിം ഉണ്ടാക്കി എന്നതുകൊണ്ട് ഹറാമും ആകില്ല.
- ഹലാൽ ഫുഡ് എന്ന പുതിയചർച്ചക്ക് മൂർച്ചകൂട്ടുന്നവർ തങ്ങളുടെ മതമൂല്യങ്ങളെ മുറുകെപിടിക്കുന്നവരല്ല. മറിച്ച് വർഗീയധ്രുവീകരണം ലക്ഷ്യമാക്കി അജണ്ടകൾ മെനയുന്നവരാണ്.
- ഇസ്‌ലാമിനെ ഇകഴ്ത്താൻ വേണ്ടി പുതിയ വിവാദങ്ങൾക്ക് തിരികൊളുത്തുമ്പോഴെല്ലാം അത്തരം വിഷയങ്ങളിലുള്ള ഇസ്‌ലാമിന്റെ വ്യക്തത സമൂഹത്തിന് കൂടുതൽ ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQonQalrhJaZcA_